**16**

## ചോ:

# “എല്ലാ സഭകളിലും ക്രിസ്ത്യാനികൾ ഉണ്ടോ?”

## ഉത്തരം:

“എല്ലാ സഭകളിലും ക്രിസ്ത്യാനികൾ ഉണ്ട്” എന്ന പ്രസ്താവന വളരെ പ്രചാരമുള്ളതാണ്. ആ പ്രസ്താവന ബൈബിളിൽ ഉള്ളതാണെങ്കിൽ, എല്ലാ വിവാദങ്ങളും അതോടെ അവസാനിക്കുമായിരുന്നു. എങ്ങനെയായാലും, കർത്താവിന്റെ തെറ്റിപ്പോകാത്ത വചനം അത്തരം പ്രസ്താവന നൽകാത്ത തിനാൽ, മനുഷ്യന്റെ തെറ്റുള്ള വാക്കുകൾ ശോധന ചെയ്യുക തന്നെ വേണം (1 തെസലൊനിക്യർ 5:21).

ക്രിസ്ത്യാനികൾ എല്ലാ സഭകളിലും ഉണ്ടോ ഇല്ലയോ എന്നു പരിശോ ധിക്കുവാൻ നിങ്ങളുടെ മനസ്സിനെ മാറ്റുവാൻ നിങ്ങൾ തയ്യാറായില്ലെങ്കിൽ, നിങ്ങളുടെ ഹൃദയം അപ്പോൾ നേരുള്ളതല്ല. ദൈവവചനം പറയുന്നത് ദൈവ ശ്വാസീയ ഉപദേഷ്ടാവായിരുന്ന, സ്തെഫാനോസിന്റെ പ്രസംഗം കേട്ട ചിലർ, ആ പ്രസ്താവനകൾ വിശ്വസിച്ചില്ല. അവർ ആ ഉപദേഷ്ടാവു പറഞ്ഞത് പരിശോധിക്കാതെ, “അവർ അവനെതിരെ പല്ലുകടിക്കുകയായിരുന്നു.” പിന്നെ “അവർ അത്യുച്ചത്തിൽ നിലവിളിച്ചു, ചെവിപൊത്തിക്കൊണ്ടു ഒന്നിച്ചു അവന്റെ നേരെ പാഞ്ഞുചെന്നു. അവനെ നഗരത്തിൽനിന്നു, തള്ളിപുറ ത്താക്കി കല്ലെറിഞ്ഞു; ...” (പ്രവൃത്തികൾ 7:54-58). അവരുടെ ഹൃദയം നേരു ള്ളതായിരുന്നില്ല, നിങ്ങൾ ദൈവവചനം പഠിക്കുന്നതു നിരസിച്ചാൽ നിങ്ങ ളുടേതും അപ്രകാരമായിരിക്കും.

ദൈവശ്വാസീയ പ്രാസംഗികനെ വിശ്വസിക്കുന്നില്ല, എന്ന പ്രസ്താവന യുണ്ടാക്കുന്ന മറ്റൊരുകൂട്ടം ആളുകളെ കുറിച്ചു ദൈവം നമ്മോടു പറയു ന്നു, “അവർ വചനം പൂർണ്ണജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ, അതു അങ്ങനെതന്നെയോ എന്നു ദിനംപ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോന്നു” (പ്രവൃത്തികൾ 17:11). അവരുടെ ഹൃദയം നേരുള്ളതായിരുന്നു.

“ക്രിസ്ത്യാനി” എന്ന വാക്ക് ഉപയോഗിക്കുമ്പോൾ നാം എന്താണു പറ യുന്നത്? നിരവധി ആളുകൾ പറയുന്നത്, “ഒരു ക്രിസ്ത്യാനി ഒരു നല്ല വ്യ ക്തിയാണ്” എന്നത്രെ. ഒരാൾ പറഞ്ഞേക്കാം, “എന്റെ അയൽ വാസി ഒരു സഭയിലും അംഗമല്ലാതിരിക്കുമ്പോഴും, അവൾ നല്ല ഒരു അയൽക്കാരിയാ ണ്. അവൾ രോഗികളെ സഹായിക്കുകയും ഈ ടൗണിലെ നല്ല ഒരു ക്രിസ്തീയ സ്ത്രീയായി കാണപ്പെടുകയും ചെയ്യുന്നു.” എല്ലാ സഭകളിലും ക്രിസ്ത്യാനികൾ ഉണ്ടോ? തീർച്ചയായും, “ക്രിസ്ത്യാനി” എന്നതുകൊണ്ടു അർത്ഥമാക്കുന്നത് അയൽക്കാരെയും മറ്റുള്ളവരെയും കുറിച്ചു, പൊതുവിൽ ദയയും കരുതലും ഉള്ളയാൾ എന്നാണ്. ആ നിർവ്വചന പ്രകാരമുള്ള “ക്രിസ്ത്യാനി,” ഒരുപക്ഷെ എല്ലാ സഭകളിലും കണ്ടേക്കാം, അങ്ങനെയുള്ള ക്രിസ്ത്യാനികൾ സഭയ്ക്കു പുറത്തും, ക്രിസ്തുവിൽ വിശ്വസിക്കാത്തവർ

പോലും ഉണ്ടായിരിക്കാം! ദയയുള്ള, വിശാലഹൃദയമുള്ള മുഹമ്മദീയരും ബുദ്ധമതക്കാരും ആ നിർവ്വചനം സ്വീകരിക്കുകയാണെങ്കിൽ, ക്രിസ്ത്യാനികൾ ആണ്.

വേറെ ചിലർ പറഞ്ഞേക്കാം, "ക്രിസ്ത്യാനി ഒരു നല്ല വ്യക്തി മാത്രമല്ല, അയാൾ ക്രിസ്തുവിൽ വിശ്വസിക്കുന്നവനുമാണ്." ക്രിസ്ത്യാനി എന്നതിന്റെ ഈ രണ്ടാമത്തെ നിർവ്വചനം അങ്ങനെയാകുമ്പോൾ, ക്രിസ്ത്യാനികൾ എല്ലാ സഭകളിലും ഉണ്ടോ? ഉടനെ, നാം പറയും, "ഇല്ല, കാരണം യൂണിറ്റേറിയനിലും യെഹൂദ സഭകളിലും ക്രിസ്തുവിലുള്ള വിശ്വാസം പഠിപ്പിക്കുന്നില്ല." അതുകൊണ്ടു, ഒരാൾ ക്രിസ്ത്യാനി ആകണമെങ്കിൽ ക്രിസ്തുവിലുള്ള വിശ്വാസം ആവശ്യമാണ്, അപ്പോൾ യൂണിറ്റേറിയൻ ചർച്ചിലും അല്ലെങ്കിൽ യെഹൂദ ചർച്ചിലും ക്രിസ്ത്യാനികൾ ഇല്ല.

നിങ്ങൾ ബൈബിളിലേക്കു നോക്കിയാൽ, ഒരു ക്രിസ്ത്യാനി ആകുന്നതിന് വിശ്വാസം മാത്രം പോരാ എന്നു കാണുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ''ദൈവമക്കളാകുവാൻ അവകാശമുണ്ടോ,'' അതായത്, ക്രിസ്ത്യാനികളാകുവാൻ – വെറും വിശ്വാസം കൊണ്ടു മാത്രം അവർ ക്രിസ്ത്യാനികളായി തീരുന്നില്ല (യോഹന്നാൻ 1:12; 12:42). യേശുവിൽ വിശ്വസിച്ച ആയിരക്കണക്കിനാളുകളെ കുറിച്ചു ബൈബിൾ പറയുന്നുണ്ട് (പ്രവൃത്തികൾ 2:36–47) എന്നാൽ അവർ രക്ഷിക്കപ്പെട്ടിരുന്നില്ല. അവർ മാനസാന്തരപ്പെട്ട് സ്നാനപ്പെടുന്നതുവരെ ക്രിസ്ത്യാനികളായി തീർന്നിരുന്നില്ല. ദൈവം രക്ഷിക്കുന്നത് വിശ്വസിക്കുകയും, മാനസാന്തരപ്പെടുകയും, സ്നാനപ്പെടുകയും ചെയ്യുന്നവരെയാണ്; അവർ "ക്രിസ്ത്യാനികൾ" എന്നു വിളിച്ചിരുന്ന ശിഷ്യന്മാരായിരുന്നു (പ്രവൃത്തികൾ 11:26; 26:28; 1 പത്രൊസ് 4:16; യാക്കോബ് 2:7 നോക്കുക). വിശ്വസിക്കുകയും, മാനസാന്തരപ്പെടുകയും, സ്നാനമേൽക്കുകയും ചെയ്യുന്നവനാണ് ക്രിസ്ത്യാനി എന്നു ദൈവത്തിൽ നിന്നുള്ള തിരുവെഴുത്ത് തെളിയിക്കുന്നതുകൊണ്ട്, എല്ലാ സഭകളിലും ക്രിസ്ത്യാനികൾ ഉണ്ടോ?

ആയിരക്കണക്കിനു ആളുകൾ ചില സഭകളിലേക്ക് വരുന്നത് വിശ്വാസം കൂടാതെയാണ്, അതായത് ശിശുക്കൾ ആയിരിക്കുമ്പോൾ; ആ ശിശുക്കളെ സഭകളിൽ പ്രവേശിപ്പിക്കുന്നത് അവരുടെ മാതാപിതാക്കളുടെ വിശ്വാസം മൂലമാണ്. ബൈബിളിൽ പറയുന്നതനുസരിച്ച് അവർ ക്രിസ്ത്യാനികൾ ആണോ? അവർ വരുന്നത് അവരുടെ ഇടങ്കയ്യും വലങ്കയ്യും തിരിച്ചറിയാതെ, മാനസാന്തരപ്പെടാതെയാണ്. ബൈബിൾ ക്രിസ്ത്യാനികൾ എന്ന് വിവരിക്കുന്നതുപോലെയുള്ള ക്രിസ്ത്യാനികൾ ആണോ അവർ? ആയിരക്കണക്കിനാളുകൾ വരുന്നത് മുങ്ങൽ സ്നാനത്തിനുപകരം തളിക്കൽ സ്നാനം മൂലമാണ് (റോമർ 6:4; കൊലൊസ്യർ 2:12). ദൈവം തന്റെ വചനത്തിൽ ക്രിസ്ത്യാനികൾ എന്നു പറഞ്ഞിരിക്കുന്നതുപോലെയുള്ള ക്രിസ്ത്യാനികൾ ആണോ അവർ? ഇനിയും ആയിരക്കണക്കിനുപേർ, അവർ മുങ്ങൽ സ്നാനം ഏറ്റിട്ടുണ്ടെങ്കിലും, ക്രിസ്ത്യാനികൾ ആകുവാൻ അവരെ പഠിപ്പിച്ചിട്ടില്ല ("പാപങ്ങളുടെ മോചനത്തിനായി നിങ്ങൾ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേറ്റ്," പ്രവൃത്തികൾ 2:38; "പാപങ്ങളെ കഴുകിക്കളയുക," പ്രവൃത്തികൾ 22:16). അവരെ പഠിപ്പിച്ചത് അവർ ക്രിസ്ത്യാനികളായി തീർന്നതുകൊണ്ടു സ്നാനപ്പെടണം എന്നാണ്. അവരുടെ പാപങ്ങൾ സ്നാനം കൂടാതെ തന്നെ കഴുകപ്പെട്ടു കഴിഞ്ഞു എന്നാണ് അവരെ പഠിപ്പിച്ചത്. ദൈവം ക്രിസ്ത്യാനികൾ ആണെന്നു തന്റെ ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതുപോലെയുള്ള

ക്രിസ്ത്യാനികൾ ആണോ അവർ? അവർ നല്ല, ധാർമ്മികതയുള്ള ആളുകളാണ്. അവർ യേശുവിൽ വിശ്വസിക്കുകയും അവനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുകയും ചെയ്യുന്നു. എങ്ങനെയായാലും, ബൈബിൾ പറയുന്നതുപോലെയുള്ള ക്രിസ്ത്യാനികൾ ആണോ അവർ? ബൈബിൾ പറയുന്നതുപോലെ അല്ല എങ്കിൽ, പിന്നെ എന്തർത്ഥത്തിലാണ്? എങ്ങനെ ക്രിസ്ത്യാനികൾ ആകുന്നു എന്ന കർത്താവിന്റെ വിവരണത്തെ മാറ്റുവാൻ ആളുകൾക്ക് എന്തവകാശമാണുള്ളത്?

പ്രവൃത്തികൾ 2:38 അനുസരിക്കുകയും, പിന്നെ നാമധേയവിഭാഗത്തിൽ ചേർന്നവരുമായ, ക്രിസ്ത്യാനികൾ, ബൈബിൾപരമായ അർത്ഥത്തിലുണ്ട്. അവർ അപ്പോഴും ക്രിസ്ത്യാനികൾ ആണോ? അതേ, പക്ഷെ അവർ തെറ്റിപ്പോയിരിക്കുന്നു. ക്രിസ്ത്യാനികൾ ഭിന്നിച്ചുപോകുന്നത് തെറ്റാണെന്നു ദൈവം നമ്മോടു പറഞ്ഞിരിക്കുന്നു (1 കൊരിന്ത്യർ 1:10–13). അവർ അപ്പോഴും ദൈവത്തിന്റെ ജനമാണ്, പക്ഷെ അപകടകരമായ തെറ്റിലാണ്.

കൂടാതെ, ബൈബിളിൽ പറഞ്ഞിരിക്കുന്നതുപോലെ, ക്രിസ്ത്യാനികളായി തീർന്നവർ, തിരുവെഴുത്തിന്റെ അധികാരം കൂടാതെ, സ്വയമായി കൊയറുകളും ഉപകരണസംഗീതവും ആരാധനയിൽ കടമെടുത്തിരിക്കുന്നു. അവർ ക്രിസ്ത്യാനികളാണോ? അതെ, എന്നാൽ അവർ ഇടവകയുടെ പാട്ടുപാടലിനെ മാറ്റി (എഫെസ്യർ 5:19; എബ്രായർ 13:15) അതിനെ ചടങ്ങാക്കിയിരിക്കുന്നു.

കൂടാതെ, ബൈബിൾ വിവരിക്കുന്നതുപോലെ ക്രിസ്ത്യാനികളായി തീർന്നവർ ശീതോഷ്ണവാന്മാരായി അവന്റെ അനുഗ്രഹീതവേലയിൽ ഉദാസീനരായി തീരുകയും ചെയ്യുന്നു. അവർ ക്രിസ്ത്യാനികൾ ആണോ? അതെ, എന്നാൽ ദൈവം പറയുന്നു, ''ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു, നീ ഉഷ്ണവാനുമല്ല ശീതവാനുമല്ല; ശീതവാനോ ഉഷ്ണവാനോ ആയിരുന്നുവെങ്കിൽ കൊള്ളായിരുന്നു. ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ, നിന്നെ എന്റെ വായിൽ നിന്നു ഉമിണ്ണുകളയും'' (വെളിപ്പാട് 3:15, 16). ശീതോഷ്ണവാന്മാരായ ക്രിസ്ത്യാനികൾ കർത്താവിന്നു തലവേദനയുണ്ടാക്കുന്നവരാണ്.

മൂന്നു സാഹചര്യങ്ങൾ തിരുവെഴുത്തനുസരിച്ചു തെറ്റായതുകൊണ്ടു ശ്രദ്ധ ആവശ്യമാണ്. (1) ബൈബിൾ പറയുന്നതുപോലെ ക്രിസ്ത്യാനികൾ ആയിത്തീരാത്ത സഭാംഗങ്ങൾ ക്രിസ്ത്യാനികൾ ആയിത്തീരുവാൻ ബൈബിൾ പറയുന്നതുപോലെ ചെയ്യും. (2) ബൈബിളിൽ ക്രിസ്ത്യാനികൾ എന്നു വിവരിക്കുന്നതുപോലെയുള്ള സഭാംഗങ്ങൾ മനുഷ്യ നിർമ്മിതമായ പാരമ്പര്യങ്ങൾ വിട്ടുകളഞ്ഞ് ബൈബിൾ ആരാധനയുടെ ലാളിത്യത്തിലേക്കു മടങ്ങിവരണം. (3) ബൈബിൾ വിവരിക്കുന്നതുപോലെ ക്രിസ്ത്യാനികൾ ആയിത്തീർന്ന സഭാംഗങ്ങൾ ശീതോഷ്ണവാന്മാരായി തീർന്നിട്ടുണ്ടെങ്കിൽ അവർ തങ്ങളുടെ "ആദ്യസ്നേഹത്തിലേക്ക്" തിരിച്ചുവരണം (വെളിപ്പാട് 2:4).

---

## അത്ഭുതകരമായ ദൈവകൃപ[1]

മനുഷ്യന്റെ പാപത്തിന്റെ ഭയങ്കരത്വം യുദ്ധത്തിലും, കുറ്റകൃത്യത്തിലും, അത്യാഗ്രഹത്തിലും, വെറുപ്പിലും, സ്വാർത്ഥതയിലും വെളിപ്പെടുന്നുണ്ട്; എന്നാൽ അത് ഏറ്റവും അധികമായി കാണപ്പെടുന്നത് ക്രൂരമായ കാൽവറി

ക്രൂശിൽ ആണ്. ദൈവത്തിന്റെ അത്ഭുത കൃപ, അവന്റെ അനർഹമായ ഉപ ഹാരം, ഒന്നുമാത്രമാണ് നമ്മുടെ രക്ഷക്കുള്ള പ്രത്യാശ. അനർഹമായ അവന്റെ കരുണ നമ്മോടു കാണിക്കുവാൻ അവൻ ദയവു കാണിച്ചതിനാൽ നമുക്കു ദൈവത്തിനു സ്തുതി അർപ്പിക്കാം! "സകല മനുഷ്യർക്കും രക്ഷാ കരമായ, ദൈവകൃപ ഉദിച്ചുവല്ലോ" (തീത്തോസ് 2:11). ദൈവം പൂർണ്ണമായ നീതി ആവശ്യപ്പെട്ടാൽ, നമുക്കാർക്കും രക്ഷിക്കപ്പെടുവാൻ കഴിയുകയില്ല!

ലോകം സൃഷ്ടിക്കുന്നതിനു മുൻപുതന്നെ മനുഷ്യരെ രക്ഷിപ്പാൻ ദൈവം ഉദ്ദേശിച്ചിരുന്നു. അവൻ അബ്രഹാമിനോടു വാഗ്ദാനം നൽകിയത് അവന്റെ സന്തതി മൂലം ലോകം അനുഗ്രഹിക്കപ്പെടുമെന്നാണ്, ആ വാഗ്ദാനം ക്രിസ്തുവിന്റെ ക്രൂശിൽ അനുഗ്രഹിക്കപ്പെടുന്നതിലൂടെ നിറവേറി. ദൈവത്തിന്റെ പുത്രൻ നമ്മുടെ പാപങ്ങൾ ചുമന്നു, നമ്മുടെ പാപത്തിനുള്ള ബലിയായി തീരുകയും, നമുക്കുവേണ്ടി പ്രായശ്ചിത്തമാകുകയും ചെയ്തു.

ദൈവത്തിന്റെ കൃപ സ്വീകരിക്കുന്നത്, ക്രിസ്തു നമ്മുടെ രക്ഷകനാണെന്നുള്ള വിശ്വാസത്തെ, സ്വീകരിക്കുന്നതിലൂടെ ആണ്. ആ വിശ്വാസത്തിൽ ആശ്രയവും, ആത്മവിശ്വാസവും, വിധേയത്വവും, കീഴ്പ്പെടലും, അനുസരണവും ഉൾപ്പെടുന്നു. നമ്മുടെ ഭാഗത്തുനിന്നുമുള്ള ഒരു യോഗ്യതയും അതിൽ ഉൾപ്പെടുന്നില്ല. കർത്താവ് ആവശ്യപ്പെടുന്നതെല്ലാം അനുസരിക്കുവാൻ അവനു കീഴ്പ്പെടുകയും, പാപത്തിൽ നിന്ന് തിരിഞ്ഞ്, ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റു, മറ്റുള്ളവരോടു സ്നേഹവും ധർമ്മവും പുലർത്തി, സുവിശേഷം സർവ്വലോകത്തിലും പ്രസംഗിക്കുകയും വേണം. ഇതെല്ലാം നമുക്ക് ചെയ്യുവാൻ കഴിയുമെങ്കിലും, രക്ഷയുടെ ഒരു ഭാഗം പോലും നമുക്കു നേടിയെടുക്കുവാൻ സാധ്യമല്ല. "കൃപയാൽ അല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിന്നും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രെ ആകുന്നു; ആരും പ്രശംസിക്കാതിരിപ്പാൻ, പ്രവൃത്തികളും കാരണമല്ല" (എഫെസ്യർ 2:8, 9).

---

കുറിപ്പ്

[1]അഡാപ്റ്റഡ് ഫ്രം എഫ്. ഡബ്ളിയു. മാറ്റോക്സ്, "ദ അമേസിങ് ഗ്രേയിസ് ഓഫ് ഗോഡ്," *20 സെൻചറി ക്രിസ്ത്യൻ* 14 (മേയ് 1952): 3–5.